**തദ്ദേശസ്വയംഭരണ വകുപ്പ് പ്ലാനിംഗ്**
**ജില്ലാ നഗരാസൂത്രണ കാര്യാലയം, തിരുവനന്തപുരം**
**ടൗൺ പ്ലാനറുടെ നടപടിക്രമങ്ങൾ**

വിഷയം:- ജില്ലാ നഗരാസൂത്രണ കാര്യാലയം, തിരുവനന്തപുരം- പള്ളിക്കൽ ഗ്രാമപഞ്ചായത്തിൽ പള്ളിക്കൽ വില്ലേജിൽ പെട്രോൾ പമ്പ് നിർമ്മിക്കുന്നതിന് ലേഔട്ടിനും സ്ഥലത്തിൻറെ ഉപയോഗത്തിനും അംഗീകാരം നൽകി ഉത്തരവാകുന്നു.

സൂചന:- പള്ളിക്കൽ ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ 30.12.2020 ലെ എ2-2802/20 നമ്പർ കത്ത്

**<u>ഉത്തരവ് നമ്പർ TCPTVM/33/2021-D തീയതി 24/02/2021</u>**

പള്ളിക്കൽ ഗ്രാമ പഞ്ചായത്തിൽ, പള്ളിക്കൽ വില്ലേജിൽ, റീസർവ്വേനമ്പർ 474/5-1, ൽ ഉൾപ്പെട്ട 9 ആർ സ്ഥലത്ത് 248.18 ച.മീ വിസ്തൃതിയിൽ പെട്രോൾ പമ്പ് നിർമ്മാണത്തിന് ശ്രീ.ഷിഹൻഷാ സമർപ്പിച്ച അപേക്ഷ പരിശോധിച്ചതിൻറെ അടിസ്ഥാനത്തിൽ താഴെ പറയുന്ന നിബന്ധനകൾക്ക് വിധേയമായി കെട്ടിടങ്ങളുടെ ലേഔട്ടിനും സ്ഥലത്തിന്റെ ഉപയോഗത്തിനും അംഗീകാരം നൽകി ഉത്തരവാകുന്നു.

**<u>നിബന്ധനകൾ</u>**

1. നിർമ്മാണം കെ.പി.ബി.ആർ. 2019 നും അനുബന്ധ ഭേദഗതികൾക്കും ബാധകമായ മറ്റു നിയമങ്ങൾക്കും വിധേയമായിരിക്കണം.

2. നിർമ്മാണ സ്ഥലത്തിന്റെ ഉടമസ്ഥാവകാശം സംബന്ധിച്ച രേഖകൾ, ഉടമസ്ഥത, അതിരുകൾ, അളവുകൾ എന്നിവ സെക്രട്ടറി പരിശോധിച്ച് ശരിയാണെന്ന് ഉറപ്പുവരുത്തണം.

3. പ്രസ്തുത സ്ഥലത്തു നിർമ്മാണ നിയന്ത്രണങ്ങൾ ഒന്നും ഇല്ല എന്ന് ഗ്രാമപഞ്ചായത്ത് സെക്രട്ടറി ഉറപ്പുവരുത്തിയിരിയ്ക്കണം.

4. നിർമ്മാണ സ്ഥലത്ത് നിലം, പുറമ്പോക്ക് എന്നിവ ഉൾപ്പെടുന്നില്ല എന്ന് സെക്രട്ടറി ഉറപ്പ് വരുത്തേണ്ടതാണ്.

5. 2008 ലെ നെൽവയൽ തണ്ണീർത്തടനിയമം/ അനുബന്ധ ഭേദഗതി എന്നിവ പ്രകാരം അനുവദനീയമാണെന്ന് ഉറപ്പുവരുത്തേണ്ടതുമാണ്

6. സ്വാഭാവിക ജലനിർഗമന മാർഗ്ഗങ്ങൾ അടഞ്ഞു പോകരുത്.

7. നിർദ്ദിഷ്ട ലേ-ഔട്ടിൽ ഡ്രെയിനേജിനുള്ള സൗകര്യം നല്കിയിരിയ്ക്കണം.

8. പ്രസ്തുത ലേ- ഔട്ടിൽ നിന്നുള്ള ഡ്രെയിനേജ് (മഴവെള്ളം /മലിനജലം ) പരിസരവാസികൾക്ക് ദോഷമുണ്ടാക്കരുത്.

9. നിർമ്മാണം കെ.പി.ബി.ആർ. 2019 ചട്ടം 79 നനുസൃതമായി മാലിന്യ നിർമ്മാർജ്ജന സംവിധാനം നൽകിയിട്ടുണ്ടെന്ന് സെക്രട്ടറി ഉറപ്പുവരുത്തണം.

10. ക്യാഷ്യൂ ഫാക്ടറിയുടെ നിലനിറുത്തുവാൻ ഉദ്ദേശിക്കുന്ന കെട്ടിടങ്ങൾ അംഗീകൃതമാണെന്ന് പഞ്ചായത്ത് സെക്രട്ടറി ഉറപ്പ് വരുത്തേണ്ടതാണ്.

11. ഹാജരാക്കിയ അപേക്ഷയോടൊപ്പം സമർപ്പിച്ചിട്ടുള്ള fire NOC -യുടെ പകർപ്പിൽ പരാമർശിച്ചിട്ടുള്ള സർവ്വേ നമ്പർ (475/5-1), അപേക്ഷയിൽ നൽകിയിട്ടുള്ള സർവ്വേ നമ്പറിൽ (474/5 -1) നിന്നും വ്യത്യസ്തമാണ്. അതിനാൽ നിർദ്ദിഷ്ട നിർമ്മാണത്തിന് ചട്ടം 5(4), sl.no.12 പ്രകാരം Director of fire force അഥവാ അധികാരപ്പെടുത്തിയ ഉദ്യോഗസ്ഥന്റെ NOC ലഭ്യമാക്കേണ്ടതാണ്.

12. ചട്ടം 34(3)(3) പ്രകാരം Segregated sanitation for visitors നൽകിയിട്ടുണ്ടെന്നു സെക്രട്ടറി ഉറപ്പ് വരുത്തേണ്ടതാണ്.

13. ചട്ടം 1 0 പ്രകാരം ടി സ്ഥലത്തു Excavation നടത്തുന്നുണ്ടെങ്കിൽ ആയതു സംബന്ധിച്ച് ആവശ്യമായ നടപടിക്രമങ്ങൾ പാലിക്കേണ്ടതാണ്.

14. ചട്ടം 79 A പ്രകാരം ടി നിർമ്മാണവുമായി ബന്ധപ്പെട്ടുണ്ടാവുന്ന വേസ്റ്റുകൾ ടി ചട്ടപ്രകാരമാവണം നിർമ്മാർജനം ചെയ്യേണ്ടതാണ്.

15. KPBR 2019 ചട്ടം 76(3) പ്രകാരം നിർദ്ദിഷ്ട യൂണിറ്റിനു ചുറ്റും അനുയോജ്യമായ മരങ്ങൾ നടേണ്ടതാണ്.

ഈ ഉത്തരവ് നിർമ്മാണ പ്രവർത്തികൾ ആരംഭിക്കുന്നതിനുള്ള അനുമതി അല്ല. കെട്ടിട നിർമ്മാണ ചട്ടങ്ങൾക്കനുസൃതമായ നിർമ്മാണ/വികസന അനുമതി അതത് തദ്ദേശ സ്വയംഭരണ സ്ഥാപനത്തിൽ നിന്നും ലഭിച്ചതിനു ശേഷം മാത്രമേ നിർമ്മാണം ആരംഭിക്കുവാൻ പാടുള്ളൂ.

**09/2021 നമ്പരായുള്ള അംഗീകരിച്ച ലേഔട്ട് പ്ലാൻ (ഒരു സെറ്റ്) ഇതോടൊപ്പം അയയ്ക്കുന്നു.**

Signature Not Verified
Digitally signed by Jayasree V K
Date: 2021.02.24 17:35:43 IST
Reason: Approved

JAYASREE.V.K
TOWN PLANNER

ഉള്ളടക്കം: മേൽപ്രസ്താവിതം

സെക്രട്ടറി
പള്ളിക്കൽ ഗ്രാമപഞ്ചായത്ത്

പകർപ്പ്: (അറിവിലേയ്ക്കായി)
ശ്രീ . ഷിഹൻഷാ,ഷാ മന്ദിരം,പള്ളിക്കൽ